**<u>15 –ാം കേരള നിയമസഭ</u>**

**<u>16 –ാം സമ്മേളനം</u>**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 73** — **02-02-2026 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണ സഹായം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.വിജിൻ,<br>ശ്രീ. പി. നന്ദകുമാർ,<br>ശ്രീ എം നൗഷാദ്,<br>ശ്രീ. എച്ച്. സലാം | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) |

(എ) 2016 മുതൽ നാളിതുവരെ എത്ര മത്സ്യത്തൊഴിലാളികൾക്കാണ് ഭവന നിർമ്മാണ സഹായം അനുവദിച്ചിട്ടുള്ളത്; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാണോ; എങ്കിൽ അത് വിശദമാക്കാമോ;

(എ) 2016 മുതൽ നിലവിൽ വന്ന ലൈഫ് മിഷൻ പദ്ധതി വഴി, തീരദേശ മേഖലയിലെ വീടില്ലാത്തതും താമസയോഗ്യമല്ലാത്ത വീട്ടുകളിൽ കഴിയുന്നതുമായ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സുരക്ഷിതമായ ഭവനം ഉറപ്പാക്കുന്നതിനായി സംസ്ഥാന സർക്കാർ പ്രത്യേക പരിഗണന നൽകുകയും ലൈഫ് മിഷൻ പദ്ധതിയുടെ ഭാഗമായി മത്സ്യത്തൊഴിലാളികളെ സാമൂഹികമായി പിന്നാക്കം നിൽക്കുന്ന വിഭാഗമായി പരിഗണിച്ച് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടുത്തി ഭവന നിർമാണ സഹായം അനുവദിച്ചു നൽകുകയും ചെയ്തു വരുന്നു. അപ്രകാരം കടൽക്ഷോഭം, തീരശോഷണം; പ്രളയം തുടങ്ങിയ പ്രകൃതി ദുരന്തങ്ങൾ നേരിടുന്ന തീരദേശ മത്സ്യത്തൊഴിലാളികളെ അപകട ഭൂമികളിൽ നിന്ന് സുരക്ഷിത പ്രദേശങ്ങളിലേക്ക് പുനരധിവസിപ്പിക്കുന്നതിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലും, ഫിഷറീസ് വകുപ്പിന്റെ ഏകോപനത്തിലും, പദ്ധതി നടപ്പിലാക്കുകയും ഇതുവരെ സംസ്ഥാനത്ത് ആകെ 14,942 ഭവനങ്ങൾ പൂർത്തീകരിക്കുന്നതിനും, ഇതിലൂടെ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് മാന്യവും സുരക്ഷിതവുമായ താമസസൗകര്യം ഉറപ്പാക്കുന്നതിന് സാധിക്കുകയും ചെയ്തിട്ടുണ്ട്.

ലൈഫ് മിഷൻ മുഖേന നടപ്പിലാക്കുന്ന ഭവന പദ്ധതികളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| ലൈഫ് മിഷൻ - സംസ്ഥാനതല റിപ്പോർട്ട് (30-01-2026 നിലവാരം) | |
| ഫിഷറീസ് | |
| CATEGORY 1 - HOMELESS | |
| പട്ടികയിൽ ഉൾപ്പെട്ടവരുടെ എണ്ണം | 23356 |
| കരാറിൽ ഒപ്പുവെച്ചവരുടെ എണ്ണം | 16184 |
| കരാറിൽ ഒപ്പ് വെയ്ക്കാൻ അവശേഷിക്കുന്നവരുടെ എണ്ണം | 172 |
| പൂർത്തീകരിച്ച് താമസം തുടങ്ങിയവർ | 14624 |
| പൂർത്തീകരിക്കാത്തവർ, ഏത് ഘട്ടത്തിൽ | |
| STARTED | 903 |
| BASEMENT | 206 |
| LINTEL | 157 |
| ROOF | 704 |
| CATEGORY 2 - LANDLESS HOMELESS | |
| ഭൂരഹിത ഭവന രഹിത പട്ടികയിൽ ഉൾപ്പെട്ടവരുടെ എണ്ണം | 14879 |
| ഭൂമി ലഭ്യമാക്കിയവരുടെ എണ്ണം | 645 |
| ഭൂമി കണ്ടെത്താൻ അവശേഷിക്കുന്നവർ | 14234 |
| കരാറിൽ ഒപ്പുവെച്ചവരുടെ എണ്ണം | 613 |
| പൂർത്തീകരിച്ച് താമസം തുടങ്ങിയവർ | 317 |
| ഭവന സമുച്ചയങ്ങളിലും മറ്റുമായി പുനരധിവസിപ്പിച്ചവരുടെ എണ്ണം | 1 |
| പൂർത്തീകരിക്കാത്തവർ, ഏത് ഘട്ടത്തിൽ | |
| STARTED | 309 |
| BASEMENT | 38 |
| LINTEL | 50 |

| | |
|---|---|
| ROOF | 39 |
| കരാറിൽ ഒപ്പുവെച്ചവരുടെ എണ്ണം (ആകെ) | 16798 |
| പൂർത്തീകരിച്ച ഭവനങ്ങളുടെ എണ്ണം (ആകെ) | 14942 |

**പുനർഗേഹം.**

2019-20 സാമ്പത്തിക വർഷം മുതൽ കടൽ തീരത്ത് നിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളെ സുരക്ഷിത സ്ഥലത്തേയ്ക്ക് മാറ്റി പാർപ്പിക്കുന്നതിനു സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് പുനർഗേഹം. അപകട സാധ്യതയുള്ള പ്രദേശങ്ങളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെയുള്ള തീരദേശവാസികളെ സുരക്ഷിത സ്ഥലങ്ങളിലേക്ക് പുനരധിവസിപ്പിക്കുന്നതിനുള്ള പ്രത്യേക പദ്ധതിയാണിത്. കടൽത്തീരത്തെ വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ പരിധിക്കുള്ളിൽ താമസിക്കുന്നതും ജീവനും സ്വത്തിനും സ്ഥിരമായ ഭീഷണി നേരടുന്നതുമായ കുടുംബങ്ങളെയാണ് പദ്ധതിയുടെ പ്രധാന ഗുണഭോക്താക്കളായി തെരഞ്ഞെടുക്കുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ അർഹരായ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകയും, പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റ് (PIU) മുഖേന അടിസ്ഥാന സൗകര്യങ്ങളോടുകൂടിയ സുരക്ഷിത പുനരധിവാസ ഭവനങ്ങൾ ഒരുക്കുകയും ചെയ്യുന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. പുനർഗേഹം പുനരധിവാസത്തിനായി വ്യക്തിഗതഭവന നിർമ്മാണത്തിനു പുറമെ സർക്കാർ/സ്വകാര്യ ഭൂമി ഏറ്റെടുത്ത് ഫ്ലാറ്റുകൾ നിർമ്മിച്ചും പുനരധിവാസം നടപ്പിലാക്കി വരുന്നു. ഭൂമി വാങ്ങി ഭവന നിർമ്മാണം നടത്തിയുള്ള പുനരധിവാസ പ്രകാരം 3,952 പേർ ഭൂമി രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. 3,475 ഗുണഭോക്താക്കൾക്ക് വിവിധ ഘട്ടങ്ങളിലായി ധനസഹായം അനുവദിച്ചിട്ടുണ്ട്. 2,782 പേർക്കു മൊത്തം ഭവന നിർമ്മാണ ധനസഹായവും അനുവദിച്ചിട്ടുണ്ട്. ഗുണഭോക്താക്കളുടെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| ജില്ല | ഭൂമി രജിസ്ട്രേഷൻ പൂർത്തീകരിച്ച ഗുണഭോക്താക്കൾ | ആദ്യ ഗഡു ഭവന നിർമ്മാണ ധന സഹായം അനുവദിക്കപ്പെട്ട ഗുണഭോക്താക്കൾ | 1 ഉം 2 ഉം ഗഡു ഭവന നിർമ്മാണ ധന സഹായം അനുവദിക്കപ്പെട്ട ഗുണഭോക്താക്കൾ | ഭവന നിർമ്മാണ ധന സഹായം പൂർണ്ണമായും അനുവദിക്കപ്പെട്ട ഗുണഭോക്താക്കൾ |
|---|---|---|---|---|
| തിരുവനന്തപുരം | 1242 | 956 | 860 | 775 |
| കൊല്ലം | 396 | 379 | 366 | 348 |
| ആലപ്പുഴ | 771 | 763 | 649 | 601 |
| എറണാകുളം | 98 | 96 | 96 | 91 |
| തൃശ്ശൂർ | 389 | 364 | 349 | 304 |
| മലപ്പുറം | 402 | 352 | 320 | 295 |
| കോഴിക്കോട് | 156 | 145 | 136 | 133 |
| കണ്ണൂർ | 190 | 172 | 152 | 133 |
| കാസർഗോഡ് | 308 | 248 | 202 | 102 |
| ആകെ | 3952 | 3475 | 3130 | 2782 |

(ബി) 2011 മുതൽ 2016 വരെ എത്ര പേർക്ക് ഭവന നിർമ്മാണ ധനസഹായം അനുവദിച്ചിട്ടുണ്ടെന്നും ഇക്കാലയളവിൽ എത്ര വീടുകൾ പൂർത്തീകരിച്ചുവെന്നും ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാണോ; വ്യക്തമാക്കാമോ;

(ബി) മത്സ്യത്തൊഴിലാളികൾക്ക് ഫിഷറീസ് വകുപ്പ് മുഖേന ഭവന നിർമ്മാണത്തിനായി 2011 മുതൽ 2016 വരെയുള്ള ഓരോ സാമ്പത്തിക വർഷവും സംസ്ഥാനത്ത് ആകെ 14,111 വീടുകൾ 260.03 കോടി രൂപ ചെലവിൽ നിർമ്മിച്ച് നൽകിയിട്ടുണ്ട്. 2011 മുതൽ 2016 വരെയുള്ള ഓരോ സാമ്പത്തിക വർഷവും നിർമ്മിച്ച് നൽകിയ ആകെ വീടുകളുടെ എണ്ണവും ധനസഹായവും സംബന്ധിച്ച വിവരങ്ങൾ (ജില്ല തിരിച്ച്) **അനുബന്ധമായി** ചേർക്കുന്നു. 2016 മുതൽ ലൈഫ് മിഷൻ വഴിയാണ് ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കി വരുന്നത്. വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ അധിവസിക്കുന്ന കുടുംബങ്ങളെ സുരക്ഷിത മേഖലയിലേക്ക് പുനരധിവസിപ്പിക്കുന്ന പുനർഗേഹം പദ്ധതി മാത്രമാണ് ഫിഷറീസ് വകുപ്പ് മുഖേന നിലവിൽ നടപ്പിലാക്കി വരുന്നത്. തീരദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ പരിധിക്കുള്ളിൽ കടലാക്രമണ ഭീഷണിയിൽ കഴിയുന്ന മത്സ്യ തൊഴിലാളികളുൾപ്പെടെ മുഴുവൻ ജനവിഭാഗങ്ങളേയും സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്ന പുനർഗേഹം പുനരധിവാസ പദ്ധതി 2019-20 ലാണ് ആരംഭിച്ചത്. പദ്ധതി പ്രകാരം 9108 കുടുംബങ്ങളാണ് നിലവിൽ മാറിത്താമസിക്കുവാൻ സന്നദ്ധരായിട്ടുള്ളത്. ഇതിൽ 4568 കുടുംബങ്ങൾ ഭൂമി കണ്ടെത്തി ജില്ലാതല കമ്മിറ്റിയുടെ അംഗീകാരം നേടുകയും, ആയതിൽ 3952 ഗുണഭോക്താക്കൾ കണ്ടെത്തിയ ഭൂമിയുടെ രജിസ്ട്രേഷൻ പൂർത്തീകരിക്കുകയും, 2782 കുടുംബങ്ങൾ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും, ചെയ്തിട്ടുണ്ട്. 1170 ഭവനങ്ങൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുമാണ്.

തിരുവനന്തപുരം ജില്ലയിൽ കാരോട് (128), ബീമാപള്ളി (20), മുട്ടത്തറ പ്രത്യാശ (332), കൊല്ലം ജില്ലയിൽ QSS കോളനി (114), മലപ്പുറം ജില്ലയിൽ പൊന്നാനി (128), ഉണ്ണ്യാൽ (16) എന്നീ കെട്ടിട സമുച്ചയങ്ങൾ നിർമ്മാണം പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്. ഇപ്രകാരം ആകെ 738 പേർക്ക് ഫ്ലാറ്റുകൾ അനുവദിച്ചിട്ടുണ്ട് പദ്ധതി പ്രകാരം വിവിധ ജില്ലകളിലായി 788 ഫ്ലാറ്റുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്. ഇപ്രകാരം പൂർണ്ണമായും പുനരധിവസിപ്പിക്കപ്പെട്ട 3520 കുടുംബങ്ങൾ ഉൾപ്പെടെ 5478 കുടുംബങ്ങളുടെ പുനരധിവാസം ഉറപ്പാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**പുനർഗേഹം**

| | | |
|---|---|---|
| 1 | വ്യക്തിഗത ഭവന നിർമ്മാണം പൂർത്തീകരിച്ച് പുനരധിവസിപ്പിക്കപ്പെട്ടവർ | 2782 |
| 2 | ഫ്ലാറ്റുകൾ പൂർത്തീകരിച്ച് പുനരധിവസിപ്പിക്കപ്പെട്ടവർ | 738 |
| 3 | വ്യക്തിഗത ഭവന നിർമ്മാണവുമായി ബന്ധപ്പെട്ടുള്ള വിവിധ ഘട്ടങ്ങളിലുള്ളവർ | 1170 |
| 4 | നിർമ്മാണം പുരോഗമിക്കുന്ന ഫ്ലാറ്റുകൾ | 788 |
| 5 | ഇപ്രകാരം ആകെ പുനരധിവാസം ഉറപ്പാക്കിയ കുടുംബങ്ങൾ (1+2+3+4) | 5478 |

തിരുവനന്തപുരം ജില്ലയിൽ മുട്ടത്തറ (96), കാരോട് രണ്ടാം ഘട്ടം (24) എന്നിവിടങ്ങളിലായി 120 ഫ്ലാറ്റുകളുടെ പ്രൊപ്പോസലുകൾ സർക്കാർ പരിഗണനയിലാണ്. കൊല്ലം ജില്ലയിലെ മയ്യനാട് വില്ലേജിൽ 51.45 ആർ സർക്കാർ ഭൂമി ഫിഷറീസ് വകുപ്പിന് കൈമാറി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരമുള്ള തുടർ നടപടികളും സ്വീകരിച്ചു വരുന്നു. പുനരധിവാസ നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി വിവിധ ജില്ലകളിലായി 75.65 ഏക്കർ ഭൂമി കണ്ടെത്തി ഫിഷറീസ് വകുപ്പിന് ലഭ്യമാക്കുന്ന നടപടികൾ ജില്ലാകളക്ടർ/ലാന്റ് & റവന്യൂ കമ്മീഷണർ/ ബന്ധപ്പെട്ട വകുപ്പുകൾ എന്നിവിടങ്ങളിലുമായി ബന്ധപ്പെട്ട് സ്വീകരിച്ചു വരുന്നു.

2011 മുതൽ 2016 വരെയുള്ള കാലഘട്ടത്തിലും, 2016 മുതൽ നാളിതുവരെയുള്ള കാലയളവിലും തീരദേശ മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ പുനരധിവാസം ഉറപ്പാക്കുന്നതിനായി സംസ്ഥാന സർക്കാർ വിവിധ ഘട്ടങ്ങളിലായി കാര്യക്ഷമമായ ഇടപെടലുകൾ നടത്തിയിട്ടുണ്ട്. സുനാമി പുനരധിവാസ പദ്ധതി, ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കിയ വിവിധ ഭവന പദ്ധതികൾ, ലൈഫ് മിഷൻ ഉൾപ്പെടെയുള്ള സംസ്ഥാന- കേന്ദ്ര സഹായ പദ്ധതികൾ എന്നിവയുടെ ഭാഗമായി അർഹരായ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സുരക്ഷിതമായ താമസ സൗകര്യം ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ട്. അതോടൊപ്പം, 2016 ന് ശേഷം നവകേരളം കർമപദ്ധതി, ലൈഫ് മിഷൻ, BIF-HDF പോലുള്ള പദ്ധതികൾ വഴി അപകട സാധ്യതയുള്ള തീരദേശ മേഖലകളിൽ താമസിച്ചിരുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളെ സുരക്ഷിത പ്രദേശങ്ങളിലേക്ക് പുനരധിവസിപ്പിക്കുന്നതിനും, അടിസ്ഥാന സൗകര്യങ്ങളോടുകൂടിയ ഭവന സമുച്ചയങ്ങൾ ഒരുക്കുന്നതിനും സർക്കാരിന് സാധിച്ചിട്ടുണ്ട്.

(സി) 2011 മുതൽ 2016 വരെയും 2016 മുതൽ നാളിതുവരേയും മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് പുനരധിവാസം ഉറപ്പാക്കുവാൻ സാധിച്ചിട്ടുണ്ടോ എന്നതിനെ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(സി) മത്സ്യത്തൊഴിലാളികൾക്ക് ഫിഷറീസ് വകുപ്പ് മുഖേന ഭവന നിർമ്മാണത്തിനായി 2011 മുതൽ 2016 വരെയുള്ള ഓരോ സാമ്പത്തിക വർഷവും സംസ്ഥാനത്ത് ആകെ 14,111 വീടുകൾ 260.03 കോടി രൂപ ചെലവിൽ നിർമ്മിച്ചു നൽകിയിട്ടുണ്ട്. 2011 മുതൽ 2016 വരെയുള്ള ഓരോ സാമ്പത്തിക വർഷവും നിർമ്മിച്ച് നൽകിയ ആകെ വീടുകളുടെ എണ്ണവും ധനസഹായവും സംബന്ധിച്ച വിവരങ്ങൾ (ജില്ല തിരിച്ച്) **അനുബന്ധമായി** ചേർക്കുന്നു. 2016 മുതൽ ലൈഫ് മിഷൻ വഴിയാണ് ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കി വരുന്നത്. വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ അധിവസിക്കുന്ന കുടുംബങ്ങളെ സുരക്ഷിത മേഖലയിലേക്ക് പുനരധിവസിപ്പിക്കുന്ന പുനർഗേഹം പദ്ധതി മാത്രമാണ് ഫിഷറീസ് വകുപ്പ് മുഖേന നിലവിൽ നടപ്പിലാക്കി വരുന്നത്. തീരദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ പരിധിക്കുള്ളിൽ കടലാക്രമണ ഭീഷണിയിൽ കഴിയുന്ന മത്സ്യ തൊഴിലാളികളുൾപ്പെടെ മുഴുവൻ ജനവിഭാഗങ്ങളേയും സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്ന പുനർഗേഹം പുനരധിവാസ പദ്ധതി 2019-20 ലാണ് ആരംഭിച്ചത്. പദ്ധതി പ്രകാരം 9108 കുടുംബങ്ങളാണ് നിലവിൽ മാറിത്താമസിക്കുവാൻ സന്നദ്ധരായിട്ടുള്ളത്. ഇതിൽ 4568 കുടുംബങ്ങൾ ഭൂമി കണ്ടെത്തി ജില്ലാതല കമ്മിറ്റിയുടെ അംഗീകാരം നേടുകയും, ആയതിൽ 3952 ഗുണഭോക്താക്കൾ കണ്ടെത്തിയ ഭൂമിയുടെ രജിസ്ട്രേഷൻ പൂർത്തീകരിക്കുകയും, 2782 കുടുംബങ്ങൾ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും, ചെയ്തിട്ടുണ്ട്. 1170 ഭവനങ്ങൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുമാണ്.

തിരുവനന്തപുരം ജില്ലയിൽ കാരോട് (128), ബീമാപള്ളി (20), മുട്ടത്തറ പ്രത്യാശ (332), കൊല്ലം ജില്ലയിൽ QSS കോളനി (114), മലപ്പുറം ജില്ലയിൽ പൊന്നാനി (128), ഉണ്ണ്യാൽ (16) എന്നീ കെട്ടിട സമുച്ചയങ്ങൾ നിർമ്മാണം പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്. ഇപ്രകാരം ആകെ 738 പേർക്ക് ഫ്ലാറ്റുകൾ അനുവദിച്ചിട്ടുണ്ട് പദ്ധതി പ്രകാരം വിവിധ ജില്ലകളിലായി 788 ഫ്ലാറ്റുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്. ഇപ്രകാരം പൂർണ്ണമായും പുനരധിവസിപ്പിക്കപ്പെട്ട 3520 കുടുംബങ്ങൾ ഉൾപ്പെടെ 5478 കുടുംബങ്ങളുടെ പുനരധിവാസം ഉറപ്പാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**പുനർഗേഹം**


| | | |
|---|---|---|
| 1 | വ്യക്തിഗത ഭവന നിർമ്മാണം പൂർത്തീകരിച്ച് പുനരധിവസിപ്പിക്കപ്പെട്ടവർ | 2782 |
| 2 | ഫ്ലാറ്റുകൾ പൂർത്തീകരിച്ച് പുനരധിവസിപ്പിക്കപ്പെട്ടവർ | 738 |
| 3 | വ്യക്തിഗത ഭവന നിർമ്മാണവുമായി ബന്ധപ്പെട്ടുള്ള വിവിധ ഘട്ടങ്ങളിലുള്ളവർ | 1170 |
| 4 | നിർമ്മാണം പുരോഗമിക്കുന്ന ഫ്ലാറ്റുകൾ | 788 |
| 5 | ഇപ്രകാരം ആകെ പുനരധിവാസം ഉറപ്പാക്കിയ കുടുംബങ്ങൾ (1+2+3+4) | 5478 |

തിരുവനന്തപുരം ജില്ലയിൽ മുട്ടത്തറ (96), കാരോട് രണ്ടാം ഘട്ടം (24) എന്നിവിടങ്ങളിലായി 120 ഫ്ലാറ്റുകളുടെ പ്രൊപ്പോസലുകൾ സർക്കാർ പരിഗണനയിലാണ്. കൊല്ലം ജില്ലയിലെ മയ്യനാട് വില്ലേജിൽ 51.45 ആർ സർക്കാർ ഭൂമി ഫിഷറീസ് വകുപ്പിന് കൈമാറി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരമുള്ള തുടർ നടപടികളും സ്വീകരിച്ചു വരുന്നു. പുനരധിവാസ നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി വിവിധ ജില്ലകളിലായി 75.65 ഏക്കർ ഭൂമി കണ്ടെത്തി ഫിഷറീസ് വകുപ്പിന് ലഭ്യമാക്കുന്ന നടപടികൾ ജില്ലാകളക്ടർ/ലാന്റ് & റവന്യൂ കമ്മീഷണർ/ ബന്ധപ്പെട്ട വകുപ്പുകൾ എന്നിവിടങ്ങളിലുമായി ബന്ധപ്പെട്ട് സ്വീകരിച്ചു വരുന്നു.

2011 മുതൽ 2016 വരെയുള്ള കാലഘട്ടത്തിലും, 2016 മുതൽ നാളിതുവരെയുള്ള കാലയളവിലും തീരദേശ മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ പുനരധിവാസം ഉറപ്പാക്കുന്നതിനായി സംസ്ഥാന സർക്കാർ വിവിധ ഘട്ടങ്ങളിലായി കാര്യക്ഷമമായ ഇടപെടലുകൾ നടത്തിയിട്ടുണ്ട്. സുനാമി പുനരധിവാസ പദ്ധതി, ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കിയ വിവിധ ഭവന പദ്ധതികൾ, ലൈഫ് മിഷൻ ഉൾപ്പെടെയുള്ള സംസ്ഥാന- കേന്ദ്ര സഹായ പദ്ധതികൾ എന്നിവയുടെ ഭാഗമായി അർഹരായ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സുരക്ഷിതമായ താമസ സൗകര്യം ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ട്. അതോടൊപ്പം, 2016 ന് ശേഷം നവകേരളം കർമപദ്ധതി, ലൈഫ് മിഷൻ, BIF-HDF പോലുള്ള പദ്ധതികൾ വഴി അപകട സാധ്യതയുള്ള തീരദേശ മേഖലകളിൽ താമസിച്ചിരുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളെ സുരക്ഷിത പ്രദേശങ്ങളിലേക്ക് പുനരധിവസിപ്പിക്കുന്നതിനും, അടിസ്ഥാന സൗകര്യങ്ങളോടുകൂടിയ ഭവന സമുച്ചയങ്ങൾ ഒരുക്കുന്നതിനും സർക്കാരിന് സാധിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (ഡി) | മത്സ്യത്തൊഴിലാളികൾക്ക് പുനരധിവാസത്തിനൊപ്പം എന്തെല്ലാം ജീവനോപാധി പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ? | (ഡി) | കടൽതീരത്ത് വേലിയേറ്റ രേഖയിൽ നിന്ന് 50 മീറ്ററിനുള്ളിൽ താമസിച്ചിരുന്ന മത്സ്യത്തൊഴിലാളികളെയും തീരദേശ വാസികളെയും സുരക്ഷിത സ്ഥലങ്ങളിലേക്ക് മാറ്റിതാമസിപ്പിക്കുന്ന പുനരധിവാസ പദ്ധതികൾ Project Implementation Unit (PIU) മുഖേന സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. ഇതോടൊപ്പം, പുനരധിവസിപ്പിക്കപ്പെട്ട മത്സ്യത്തൊഴിലാളികളുടെ ഉപജീവനം ഉറപ്പാക്കുന്നതിനും തൊഴിൽ നഷ്ടം സംഭവിക്കാതിരിക്കാനുമായി വിവിധ ജീവനോപാധി പുനസ്ഥാപന പദ്ധതികളും സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.<br><br>ഓഖി ദുരന്തത്തെ തുടർന്ന് നഷ്ടപ്പെട്ട മത്സ്യബന്ധന ഉപകരണങ്ങൾക്ക് പകരമായി ERP/FRP ബോട്ടുകൾ വിതരണം ചെയ്ത് തൊഴിൽ പുനസ്ഥാപനം സാധ്യമാക്കി. 'ചൂണ്ടയും നൂലും' പദ്ധതി, PMMSYയുടെ ഭാഗമായി FRP Boat Replacement Scheme, ഇൻസുലേറ്റഡ് ഐസ് ബോക്സ് വിതരണം, ഐസ് ബോക്സ് സഹിതമുള്ള ത്രിവീലർ/മോട്ടോർസൈക്കിൾ വിതരണം എന്നിവയിലൂടെ മത്സ്യബന്ധനവും വിപണനവും ശക്തിപ്പെടുത്തി. സ്ത്രീ മത്സ്യത്തൊഴിലാളി കൾക്കായി Electric/Fish Vending Kiosk പദ്ധതികൾ 100% സബ്സിഡിയോടെ നടപ്പിലാക്കി. കൂടാതെ SCRS, Deep Sea Fishing, സുരക്ഷാ ഉപകരണ വിതരണം തുടങ്ങിയ പദ്ധതികളിലൂടെ വരുമാനസുരക്ഷയും മത്സ്യബന്ധന സുരക്ഷയും ഉറപ്പാക്കി. ഇതുവഴി പുനരധിവാസത്തോടൊപ്പം തൊഴിൽ പുനസ്ഥാപനം, വരുമാന സുരക്ഷ, സ്ത്രീശാക്തീകരണം, വിപണന സൗകര്യങ്ങൾ എന്നിവ ഉറപ്പാക്കുന്ന സമഗ്രമായ ജീവനോപാധി പദ്ധതികളാണ് സംസ്ഥാന സർക്കാർ വിവിധ വകുപ്പുകളിലൂടെ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## ജില്ല തിരിച്ച് 2011 മുതൽ 2016 വരയുള്ള ഓരോ സാമ്പത്തിക വർഷവും മത്സ്യത്തൊഴിലാളികൾക്ക് നിർമ്മിച്ച് നൽകിയ ആകെ വീട്ടുകളുടെ എണ്ണവും ധനസഹായവും സംബന്ധിച്ച വിവരങ്ങൾ

| ജില്ല | സാമ്പത്തിക വർഷം | അനുവദിച്ച തുക (രൂപ) | പൂർത്തീകരിച്ച വീട്ടുകളുടെ എണ്ണം |
|---|---|---|---|
| തിരുവനന്തപുരം | 2011-12 | 5,00,00,000 | 126 |
| | 2012-13 | 10,20,00,000 | 547 |
| | 2013-14 | 2,20,00,000 | 108 |
| | 2014-15 | 8,70,00,000 | 415 |
| | 2015-16 | 16,00,00,000 | 760 |
| | 2016-17 | 2,44,00,000 | 136 |
| കൊല്ലം | 2011-12 | 13,50,00,000 | 604 |
| | 2012-13 | 2,20,00,000 | 110 |
| | 2013-14 | 2,26,00,000 | 113 |
| | 2014-15 | 6,80,00,000 | 340 |
| | 2015-16 | 2,40,00,000 | 750 |
| പത്തനംതിട്ട | 2011-12 | 0 | 0 |
| | 2012-13 | 10,00,000 | 5 |
| | 2013-14 | 10,00,000 | 5 |
| | 2014-15 | 0 | 0 |
| | 2015-16 | 20,00,000 | 10 |
| ആലപ്പുഴ | 2011-12 | 14,20,00,000 | 568 |
| | 2012-13 | 16,00,00,000 | 800 |
| | 2013-14 | 2,20,00,000 | 110 |
| | 2014-15 | 9,00,00,000 | 450 |
| | 2015-16 | 16,00,00,000 | 782 |
| കോട്ടയം | 2011-12 | ഭവന നിർമ്മാണ പദ്ധതികൾ അനുവദിച്ചിട്ടില്ല | |
| | 2012-13 | 40,00,000 | 20 |
| | 2013-14 | 50,00,000 | 25 |
| | 2014-15 | 34,00,000 | 17 |
| | 2015-16 | 1,24,00,000 | 61 |

| | | | |
|---|---|---|---|
| | 2016-17 | 1,82,00,000 | 79 |
| ഇടുക്കി | 2011-12 | തുക അനുവദിച്ചിട്ടില്ല | |
| | 2012-13 | 10,00,000 | 5 |
| | 2013-14 | 10,00,000 | 2 (6,00,000/- രൂപ സറണ്ടർ) |
| | 2014-15 | 10,00,000 | 5 |
| | 2015-16 | 20,00,000 | 10 |
| മലപ്പുറം | 2011-12 | 5,00,00,000 | 126 |
| | 2012-13 | 11,58,75,000 | 458 |
| | 2013-14 | 64,62,000 | 108 |
| | 2014-15 | 2,61,90,000 | 531 |
| | 2015-16 | 13,95,00,000 | 800 |
| എറണാകുളം | 2012-13 | 17,00,00,000 | 787 |
| | 2013-14 | 2,00,00,000 | 100 |
| | 2014-15 | 10,00,00,000 | 500 |
| | 2015-16 | 17,30,00,000 | 865 |
| തൃശ്ശൂർ | 2011-12 | 3,07,50,000 | 123 |
| | 2012-13 | 98,50,000 | 50 |
| | 2013-14 | 1,65,87,500 | 158 |
| | 2014-15 | 1,34,23,800 | 104 |
| | 2015-16 | 29,96,400 | 227 |
| പാലക്കാട് | 2011-12 | 1,50,000 | 3 |
| | 2012-13 | 20,00,000 | 10 |
| | 2013-14 | 10,00,000 | 5 |
| | 2014-15 | 12,00,000 | 6 |
| | 2015-16 | 18,00,000 | 9 |
| | 2016-17 | 10,00,000 | 5 |
| കണ്ണൂർ | 2011-12 | 1,30,00,000 | 65 |
| | 2012-13 | 2,05,50,000 | 105 |
| | 2013-14 | 79,00,000 | 41 |
| | 2014-15 | 1,88,50,000 | 95 |
| | 2015-16 | 3,58,25,000 | 181 |
| | 2016-17 | 97,00,000 | 50 |

| | | | |
|---|---|---|---|
| കോഴിക്കോട് | 2012–13 | 3,34,00,000 | 167 |
| | 2013–14 | 4,40,00,000 | 220 |
| | 2014–15 | 3,00,00,000 | 150 |
| | 2015–16 | 10,00,00,000 | 500 |
| കാസർഗോഡ് | 2011–12 | 12,50,000 | 48 |
| | 2012–13 | 78,75,000 | 221 |
| | 2013–14 | 66,25,000 | 40 |
| | 2014–15 | 35,00,000 | 95 |
| | 2015–16 | 4,31,25,000 | 205 |

Sd/-

സെക്ഷൻ ഓഫീസർ